നം.കെ.എസ്.എ.പി.റ്റി.എ.പി10-979/17 തീയതി: 11.09.2017

ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01-04-2017 മുതൽ 31.03.17വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.07.2017മുതൽ 27.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി.പി.കെ വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.അരുൺ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സുനിൽകുമാർ.യു.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.വിജു രാധാകൃഷ്ണൻ (01.04.2016 മുതൽ 31.3.2017 വരെ) |
| സെക്രട്ടറി | പി.ഒ.മാത്യൂ.(01.04.2016-18.07.2016 വരെ) |
| | സന്ദീപ് ജേക്കബ്.(19.07.2016-26.07.2016 വരെ) |
| | എസ്.നെൽസൺ.(27.07.2016-26.12.2016 വരെ) |
| | വിദ്യാധരൻപിള്ള,അസി.സെക്രട്ടറി(27.12.2016-02.01.2017 വരെ) |
| | ജെ.എസ്.സന്തോഷ്കുമാർ.(03.01.2017-10.01.2017 വരെ) |
| | സ്റ്റീഫൻ.എം.(11.01.2017-22.01.2017 വരെ) |

| | |
|---|---|
| | ചന്ദ്രശേഖരകൈമൾ(23.01.2017-10.02.2017 വരെ) |
| | വിദ്യാധരൻപിള്ള,അസി.സെക്രട്ടറി(11.02.2017-31.03.2017 വരെ) |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ് : 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് : 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് : 2016-17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |

| | | |
|---|---|---|
| 12 | സ്വാശ്രയ കോളേജിന്റെ നിർമ്മാണം ക്രമവൽക്കരിയ്ക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യുന്നില്ല | 2-1 |
| 13 | എൻ.പി.എസ് വിഹിതമായി അടച്ച തുക തിരികെ ഈടാക്കിയില്ല | 2-2 |
| 14 | തനത് വരുമാനം അക്കൗണ്ടിൽ നിക്ഷേപിച്ചില്ല | 2-3 |
| 15 | ഡി ആന്റ് ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ | 2-4 |
| 16 | തൊഴിൽനികുതി ഈടാക്കിയില്ല-തനത് വരുമാനത്തിൽ കുറവ് | 2-5 |
| 17 | ഓണം അഡ്വാൻസ് തിരികെ ഈടാക്കാനുള്ളത് 13000 രൂപ | 2-6 |
| | ഭാഗം 3 | |
| 18 | മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി നടപ്പാക്കിയ പദ്ധതിയിൽ അധികച്ചെലവ് | 3-1 |
| 19 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - പഞ്ചായത്തിന് അധിക ബാധ്യത | 3-2 |
| 20 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ-തുക അടവാക്കിയതിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല | 3-3 |
| 21 | സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയിലെ അപാകതകൾ | 3-4 |
| 22 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-5 |
| 23 | പ്ലംബിംഗ്, വയറിംഗ് നടത്തിയില്ല; നിർമ്മാണം പൂർത്തിയാക്കിയ ആശുപത്രി കെട്ടിടം ഉപയോഗിക്കാനാവുന്നില്ല | 3-6 |
| 24 | കുടിവെള്ളക്കിണർ നിർമ്മാണം - റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല | 3-7 |
| 25 | ഇല്ലാത്ത തുകയിന്മേൽ സ്പിൽ ഓവർ പദ്ധതി | 3-8 |
| 26 | ആശുപത്രികൾക്ക് മരുന്നുവാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 3-9 |
| 27 | ഓ.ഡി.എഫ്.-കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-10 |
| | ഭാഗം-4 | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 05.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 48823294 | 11535806 | 37287488 | |
| വരവ് | 129555200 | 69035518 | | 60519682 |
| ആകെ | 178378494 | 80571324 | 97807170 | |
| ചെലവ് | 171707200 | 60453785 | 111253415 | |
| നീക്കിയിരിപ്പ് | 6671294 | 20117539 | | 13446245 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|
| 2016-17 | 31.07.2017 | 12.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി ചേർത്തിട്ടില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി പോസ്റ്റിംഗ് കൃത്യമല്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുനികുതി ഡിമാന്റ്, നീക്കിബാക്കി തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

3. വസ്തുനികുതി ഡിമാന്റ് മുൻ വർഷത്തേതുമായി പൊരുത്തപ്പെടുന്നില്ല.

4. മെയിന്റൻസ് ഗ്രാന്റ് നോൺ റോഡ് ചെലവ് മെയിന്റൻസ് ഗ്രാന്റ് റോഡിൽ നിന്ന് ചെലവഴിച്ചതുമൂലം എ.സി.ആർ. പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5. വാർഷിക ധനകാര്യ പത്രിക പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ ചെലവ് 3346239 രൂപയാണ്. എന്നാൽ എ സി ആർ പ്രകാരമുള്ള ചെലവ് 4042466 രൂപയാണ്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 11535806 |
| വരവ് | 69035518 |
| ആകെ | 80571324 |
| ചെലവ് | 60453785 |
| നീക്കിയിരിപ്പ് | 20117539 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13663746 | 13663746 | 13074038 | 589708 |
| വികസനഫണ്ട് എസ്.സി.പി. | 9415902 | 9415902 | 4769913 | 4645989 |
| വികസനഫണ്ട് ടി.എസ്.പി. | 112056 | 112056 | 112056 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 10035117 | 10035117 | 662288 | 9372829 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 4042466 | 4042466 | 4042466 | 0 |
| 13th CFCഗ്രാന്റ് | 7663326 | 7663326 | 6437503 | 1225823 |
| പെർഫോർമൻസ് ഗ്രാന്റ് | 4019565 | 4019565 | - | 4019565 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർണ്ണമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2016-17 | 157 | 83 | 14 | 60 | 52.86 |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വർഷം | മേഖല | വകയിരുത്തിയത് | ചെലവഴിച്ചത് | ശതമാനം |
|---|---|---|---|---|
| 2016-17 | ഉത്പാദനം | 6681891 | 1763673 | 26.39 |
| | സേവനം | 32000770 | 24886976 | 77.76 |
| | പശ്ചാത്തലം | 37801793 | 15095772 | 39.93 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 288 | 2676850/- |
| വികലാംഗപെൻഷൻ | 376 | 3997170/- |
| വാർദ്ധക്യകാല പെൻഷൻ | 2633 | 36182155/- |
| വിധവാ പെൻഷൻ | 1054 | 12236160/- |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 53 | 604250/- |
| തൊഴിൽ രഹിത വേതനം | 160 | 196440/- |
| ആകെ | 4564 | 55893025 |

## 1-9 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4342492/- | 7446850/- | (+)3104358/- |
| നികുതിയേതര വരവുകൾ | 1149271/- | 2226426/- | (+)1077155/- |
| മറ്റ് വരവുകൾ | - | - | - |
| ആകെ | 5491763/- | 9673276/- | 4181513/- |

പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി പിരിവ് നാമമാത്രമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ ഡിമാന്റ് തുകയിൽ 42% മാത്രമാണ് പിരിച്ചിട്ടുള്ളത്. വസ്തുനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ഭരണസമിതി അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. എങ്കിലും മുൻ വർഷത്തെ അപേക്ഷിച്ച് നികുതി വരവിൽ 31 ലക്ഷം രൂപ അധികം നേടാനായത് ആശാവഹവും പ്രതീക്ഷയ്ക്ക് വക നൽകുന്നതുമാണ്. വരുമാന വർദ്ധനവിന് ശക്തമായ നടപടികൾ കൈക്കൊള്ളുകയും അതോടൊപ്പംതന്നെ പരസ്യനികുതി തുടങ്ങിയ ഈടാക്കാവുന്ന എല്ലാ നികുതികളും കൃത്യമായി

ഈടാക്കേണ്ടതുമാണ്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2017-ൽ 03.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 17045/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.06.2017 | 02/17-03/17 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.08.2011 | 2008-09 മുതൽ 2010-11 വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്വാശ്രയ കോളേജിന്റെ നിർമ്മാണം ക്രമവൽക്കരിയ്ക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന, പട്ടയിൽ കുഞ്ഞുകുഞ്ഞ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ നിയന്ത്രണത്തിലുള്ള ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 5733.47 $m^2$ വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം നടത്തിയ 34205.15 $m^2$ വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നാളിതുവരെ ക്രമവൽക്കരിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ഇവയുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ട്രസ്റ്റ് ചെയർമാൻ 2014, 2016 വർഷങ്ങളിൽ സമർപ്പിച്ച അപേക്ഷകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ ടൗൺ പ്ലാനർക്കു കൈമാറിയിരുന്നു. എന്നാൽ അപേക്ഷകളിലെ അപാകതകൾ കാരണവും രേഖകളുടെ അഭാവം കാരണവും അപാകതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ജില്ലാ ടൗൺ പ്ലാനർ ഇവ ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചയയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. ഇതിനുശേഷം 03.05.2017-ന് വീണ്ടും അപേക്ഷ സമർപ്പിച്ചെങ്കിലും അപാകത ചൂണ്ടിക്കാട്ടി സെക്രട്ടറി അപേക്ഷ തിരിച്ചയച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിയില്ലാതെ നടത്തുന്ന കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും അവ തടയുന്നതിനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 20,21,134 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്ര ബൃഹത്തായ ഒരു നിർമ്മാണപ്രവർത്തനം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നടന്നിട്ട് ആയതിനെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 04-പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സെക്രട്ടറിയുടെ അനുമതിയില്ലാതെ യാതൊരുവിധ നിർമ്മാണപ്രവർത്തനവും നടത്തുവാൻ പാടില്ലാത്തതാണ്. സെക്രട്ടറിയുടെ അനുമതിയില്ലാതെ നടത്തിയ നിർമ്മാണത്തെ അനധികൃത നിർമ്മാണമായി കണക്കാക്കാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം 235(എഎ) വകുപ്പ് പ്രകാരം അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച്, കെട്ടിടനിർമ്മാണം പൂർത്തിയാകുന്ന തീയതിയോ ഉപയോഗിക്കുന്ന തീയതിയോ ഏതാണോ ആദ്യം വരുന്നത്, അന്നുമുതൽ കെട്ടിടനിർമ്മാണം നിയമാനുസൃതമാക്കുന്നതുവരെയോ അനധികൃത നിർമ്മാണം പൊളിച്ചുകളയുന്നതുവരെയോ നികുതിദായകൻ സാധാരണ വസ്തുനികുതിയുടെ മൂന്നിരട്ടി തുക വസ്തുനികുതിയായി ഒടുക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ യാതൊരു നടപടികളും ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-2 എൻ.പി.എസ് വിഹിതമായി അടച്ച തുക തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ എൻ.പി.എസ് (നാഷണൽ പെൻഷൻ സ്കീം) ബാധകമായ ജീവനക്കാരുടെ കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 16.05.2016 ലെ ജി.ഒ(പി) നം.72/2016 ഫിൻ ഉത്തരവിലും, 20.12.2016 പഞ്ചായത്ത് ഡയറക്ടറുടെ ജി4-22677/12 നമ്പർ കത്തിലും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം എൻ.പി.എസ് കുടിശ്ശിക തുക ഈടാക്കി തനത്ഫണ്ടിൽ ഇടാത്ത ജീവനക്കാർ ട്രാൻസ്ഫർ ആകുമ്പോൾ തുക കണക്കാക്കി പുതിയ പഞ്ചായത്തിൽ ഒടുക്കേണ്ടതും ടി വിവരങ്ങൾ പഴയ പഞ്ചായത്തിന് കൈമാറി തുക റീക്ലപ്പ് ചെയ്യേണ്ടതുമാണെന്ന നിർദ്ദേശം നിലവിൽ ഉണ്ട്. ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ക്ലർക്കായ ശ്രീമതി ഷിബിന സിദ്ധിക്ക് റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ 11.10.2013 മുതൽ 21.12.2013 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിലെ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ കുടിശ്ശിക തുകയായ 3678/-രൂപ ഏഴംകുളം പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നാണ് 16.01.2017 ൽ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്. ടി തുക ഒടുക്ക് വരുത്തേണ്ടിയിരുന്നത് റാന്നി-പഴവങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നാണ്. എന്നാൽ മേൽ വിവരങ്ങൾ റാന്നി പഴവങ്ങാടി പഞ്ചായത്തിന് കൈമാറി തുക തിരികെ ഈടാക്കാൻ ഏഴംകുളം പഞ്ചായത്ത് യാതൊരുനടപടിയും സ്വീകരിച്ചില്ല. തുക തിരികെ ഈടാക്കി തനത്ഫണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തനത് വരുമാനം അക്കൗണ്ടിൽ നിക്ഷേപിച്ചില്ല

08.11.2016 ലെ ഡേബുക്ക് പ്രകാരമുള്ള കളക്ഷൻ തുക35590/-രൂപ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പത്തനംതിട്ട ജില്ലാ സഹകരണബാങ്കിന്റെ ഏഴംകുളം ശാഖയിൽ ഒടുക്ക് വരുത്താതെ 10.11.2016 സൗത്ത് മലബാർ ഗ്രാമീൺബാങ്കിന്റെ ഏഴംകുളം ശാഖയിലാണ് (a/c no 40036510101025З) ൽ ഒടുക്കുവരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.08/24.07.2017) നൽകിയ മറുപടിയിൽ നോട്ട് നിരോധനത്തെ തുടർന്നാണ് തുക തനത്ഫണ്ട് അക്കൗണ്ടിൽ ഒടുക്ക് വരുത്താതിരുന്നതെന്നും തുക തിരികെ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. തുക തിരികെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*ലൈവ്സ്റ്റോക്ക് ഫാം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു*

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ, വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെ നടത്തുന്ന വ്യവസായങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിമുഖത പുലർത്തുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീ കെ.പ്രസന്നകുമാറിന്റെ ഉടമസ്ഥതയിലുള്ള പൗർണ്ണമി എഗ്ഗർ നഴ്സറി 2016-17 സാമ്പത്തിക വർഷം വരെ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചു വന്നത്. പ്രസ്തുത സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിച്ചിട്ടും പഞ്ചായത്ത് യാതൊരുനടപടിയും സ്വീകരിച്ചില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

*സ്ഥാപനങ്ങൾ യഥാസമയം ലൈസൻസ് പുതുക്കുന്നില്ല*

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 416 വ്യാപാരികളിൽ ആരും തന്നെ ഈ സമയക്രമം പാലിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ വ്യാപാരികളിൽ നിന്ന് ലൈസൻസിനുള്ള അപേക്ഷ സ്വീകരിച്ച് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി ഈടാക്കിയില്ല-തനത് വരുമാനത്തിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമായ തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. 2016-17 സാമ്പത്തിക വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയും,സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

എ)*തൊഴിൽ നികുതി ഈടാക്കിയില്ല*

| ക്രമ നം. | സ്ഥാപനം |
|---|---|

| | |
|---|---|
| 1 | മൗണ്ട് കാർമ്മൽ സെൻട്രൽ സ്കൂൾ,ഏനാത്ത് |
| 2 | എസ്.എസ്.മോട്ടോഴ്സ്,ഏനാത്ത് |
| 3 | സി.എം.ഐ.കോളേജ്,<br>ഏനാത്ത് |
| 4 | ജയ ദന്തൽ ക്ലിനിക്,ഏഴംകുളം |
| 5 | കാർമ്മൽ കാഷ്യൂ ഫാക്ടറി,<br>ഏഴംകുളം |
| 6 | ദേവി കാഷ്യൂ ഫാക്ടറി,<br>ഏഴംകുളം |
| 7 | സാന്തോം സെൻട്രൽ സ്കൂൾ |

ബി) *സ്ഥാപന നികുതി ഈടാക്കിയില്ല.*

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ശ്രീ ആശ്രയ ബാങ്കേഴ്സ്,ഏനാത്ത് |
| 2 | എസ്.ബി.റ്റി,ഏനാത്ത് |
| 3 | ഫെഡറൽ ബാങ്ക് |

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന നികുതിയും ഈടാക്കി തനത് വരുമാനത്തിനുണ്ടായ കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ഓണം അഡ്വാൻസ് തിരികെ ഈടാക്കാനുള്ളത് 13000 രൂപ

ജി.ഒ പി നം 129/16 ഫിൻ തീയതി 01.09.16 പ്രകാരം 2016-ലെ ഓണം അഡ്വാൻസ് ആയി ജീവനക്കാർക്ക് പരമാവധി 15000/- രൂപ വരെ അനുവദിച്ചിരുന്നു. പ്രസ്തുത തുക 5തുല്യ ഗഡുക്കളായി തിരികെ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ ഇനത്തിൽ ജീവനക്കാർക്ക് നൽകിയ തുകയിൽ 13000 രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് / ഉദ്യോഗപ്പേര് | തുക |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീമതി ബിന്ധ്യാകുമാരി, സീനിയർ ക്ലർക്ക് | 3000 |
| 2 | ശ്രീമതി ദിവ്യ വി.എസ്, ഓഫീസ് അറ്റൻഡന്റ് | 4000 |
| 3 | ശ്രീ.നെൽസൺ, സെക്രട്ടറി | 6000 |
| | ആകെ | 13000 |

തുക തിരികെ ഈടാക്കി തനത്ഫണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി നടപ്പാക്കിയ പദ്ധതിയിൽ അധികച്ചെലവ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ എട്ടു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതി(പ്രോജക്ട് നം.105/16-17) പ്രകാരം 41 വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങളായ മേശയും കസേരയും വാങ്ങിയിരുന്നു. വാങ്ങിയതിന്റെ വിലയിനത്തിൽ ബിൽ നം.15/16-17/22.3.17, 28/16-17/31.3.17 എന്നിവ പ്രകാരം യഥാക്രമം 210800, 68000 രൂപ ഉൾപ്പെടെ ആകെ 278800 രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.

പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സിഡ്കോയുടെ ബിൽ പ്രകാരം മേശ, കസേര എന്നിവയുടെ വില യഥാക്രമം 4543 രൂപയും 2257രൂപയുമാണ്. ടി വില പ്രകാരം ഒരു യൂണിറ്റിന് വേണ്ടി ചെലവഴിച്ചത് 6800 രൂപയാണ്.

എന്നാൽ 11.01.16-ലെ ജി.ഒ.(എം.എസ്.) 4/16 തസ്വഭവ ഉത്തരവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നല്കുന്നതിന് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ആനുകൂല്യം ലഭിക്കാത്ത നിർദ്ധനരായ കുടുംബങ്ങളിൽപ്പെട്ട കുട്ടികൾക്ക് വേണ്ടി പരമാവധി ചെലവഴിക്കാവുന്നത് 4000 രൂപയാണ്. ടി സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചതുമൂലം 114800 [(6800-4000)x41] രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. മാത്രമല്ല, ഉപകരണങ്ങൾ വാങ്ങി മാസങ്ങൾ പിന്നിട്ടിട്ടും നാളിതുവരെയും വിതരണം ചെയ്യാതെ ലൈബ്രറി ഹാളിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.6/21.07.2017) ഗുണമേന്മയുള്ളവ വിതരണം ചെയ്യുക എന്ന നല്ല ഉദ്ദേശത്തോടെ നടത്തിയ പ്രവൃത്തിയാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഫർണ്ണിച്ചറുകളുടെ ഗുണനിലവാരം പരിശോധിച്ചതു സംബന്ധിച്ച സാങ്കേതിക വിഭാഗത്തിന്റെ യാതൊരു റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾക്കു വിരുദ്ധമായി അധികം ചെലവഴിച്ച 114800 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

കൂടാതെ ഫർണിച്ചറുകൾ നാളിതുവരെയും വിതരണം നടത്താതെ ലൈബ്രറി ഹാളിൽ സൂക്ഷിച്ചിരിക്കുന്നു. അദ്ധ്യയന കാലയളവിൽ പ്രയോജനപ്പെടേണ്ട ഉപകരണങ്ങൾ വാങ്ങി നാലു മാസങ്ങൾ പിന്നിട്ടിട്ടും വിതരണം നടത്താത്തത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. ഉപകരണങ്ങൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ആകെ ചെലവഴിച്ച തുകയിൽ നിരാകരിച്ചതൊഴിച്ച് ബാക്കി 164000 രൂപ (278800-114800) തടസ്സപ്പെടുത്തുന്നു.

## 3- 2 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - പഞ്ചായത്തിന് അധിക ബാധ്യത

പഞ്ചായത്ത് പരിധിയിൽ 455 കുടിവെള്ള പൈപ്പുകൾ ഉണ്ടെന്ന് കണക്കാക്കി ഒരു പൈപ്പിന് പ്രതിവർഷം 5250/- രൂപ വച്ച് 1296000രൂപ (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 2016-17 വർഷം കേരളാ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ എന്ന പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്.

455 ടാപ്പുകളുടെ പ്രതിമാസമുള്ള വെള്ളക്കരം 199063 രൂപയാണ്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച്

സമീപ വർഷങ്ങളിലൊന്നും സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആയതിനാൽ വാട്ടർ ടാപ്പുകളുടെ എണ്ണം കണക്കാക്കിയിട്ടുള്ളത് എപ്രകാരമാണെന്ന് വ്യക്തമല്ല.

പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് 16-11-2013 ലെ ജി.ഒ. (എം.എസ്). 362 / 2013 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 വർഷം പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി വിവിധ പദ്ധതികൾ പ്രകാരം 4496956 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നിന്നും സർക്കാർ നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൊതുടാപ്പുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല എന്ന് വ്യക്തം.

ഗാർഹിക കുടിവെള്ള കണക്ഷൻ നൽകി പൊതുടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തേണ്ടതും ഒപ്പം ഗ്രാമപ്പഞ്ചായത്ത് കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിൽ 455 പൊതുടാപ്പുകൾ ഉണ്ടോ എന്ന് ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ നിലവിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി നടപ്പാക്കിയിട്ടുള്ള പദ്ധതികളിൽ പരമാവധി ഗാർഹിക കണക്ഷനായുള്ള ടാപ്പുകൾ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിന് വെള്ളക്കരമിനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി, ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ-തുക അടവാക്കിയതിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല

തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 2017മാർച്ച് മാസം വരെ ഗ്രാമപഞ്ചായത്ത് അടവാക്കിയത് 1357932/- രൂപയാണ്. നിലവിലുള്ള കറന്റ് ചാർജ്ജ് 113161 രൂപയുമാണ്. തെരുവ് വിളക്കുകളുടെ മീറ്റർ സ്ഥാപനത്തിനായി 2015-2016 സാമ്പത്തിക വർഷം പദ്ധതി രൂപീകരിച്ച് 583000 രൂപ ( 31.03.2016-ൽ) അടവാക്കിയിരുന്നു. എന്നാൽ തുക അടവാക്കി ഒന്നര വർഷം കഴിഞ്ഞിട്ടും കെ.എസ്.ഇ.ബി മീറ്റർ സ്ഥാപിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കാത്തതിനാൽ തുക അടവാക്കിയതിന്റെ പ്രയോജനം പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇത് മൂലം നിലവിലുള്ള നിരക്കിൽ തന്നെ തുക അടവാക്കുന്നതോടൊപ്പം മീറ്റർ സ്ഥാപിക്കുന്നതിനായി അടവാക്കിയ തുകയുടെ പലിശയിനത്തിലുള്ള നഷ്ടവും പഞ്ചായത്തിനുണ്ടാകുന്നു. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ഗവ.പ്രൈമറി സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, SO 182/17 |
| അടങ്കൽ തുക | 199124, നോൺ റോഡ് മെയിന്റനൻസ് ഫണ്ട് |
| ചെലവ് തുക | 198810, Bill No.02/16-17 dtd 23.03.2017 |

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള ഗവ.പ്രൈമറി സ്കൂളുകളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അറുകാലിക്കൽ ഗവ.എൽ.പി.സ്കൂൾ ഹെഡ് മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ടെണ്ടർ കൂടാതെ കെൽട്രോണിൽ നിന്ന് എയ്സർ കമ്പനിയുടെ 7 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും അവയുടെ അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. 29.01.2013-ലെ ജി.ഒ(ആർ.റ്റി).224/13/lsgd നമ്പർ ഉത്തരവ് പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഡി.ജി.എസ് & ഡി നിരക്കിൽ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങുവാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ യൂണിറ്റിൽ നിർമ്മിക്കാത്ത ഉപകരണങ്ങളും സാധനങ്ങളും ടെണ്ടർ നടപടികൾ കൂടാതെ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 21.06.2013-ലെ ജി.ഒ(പി) 3/2013/എസ്.പി.ഡി. നമ്പർ ഉത്തരവ് പ്രകാരവും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2016-ലെ സ.ഉ(സാധാ) 3299/16/തസ്വഭവ ഉത്തരവ് പ്രകാരവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ സാധന സാമിഗ്രികൾ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് ടി സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധന സാമിഗ്രികൾ മാത്രമേ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാവൂ എന്ന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ കെൽട്രോണിൽ നിന്ന് എയ്സർ കമ്പനിയുടെ കമ്പ്യൂട്ടറുകൾ ടെണ്ടർ

ക്ഷണിക്കാതെ വാങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥയുടെ നടപടി മേൽ ഉത്തരവുകളുടെ ലംഘനമാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1)പർച്ചേസ് കമ്മിറ്റി രൂപീകരിയ്ക്കാതെ വാങ്ങലുകൾ നടത്തി

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പശുവളർത്തൽ(പട്ടികജാതി വിഭാഗം SO 145/17), ആട് വളർത്തൽ(പട്ടികജാതി വിഭാഗം SO 103/17, SO 128/17), മുട്ടക്കോഴി വളർത്തൽ(ജനറൽ SO 178/17, പട്ടികജാതി വിഭാഗം SO 102/17) എന്നീ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി പന്തളം കടയ്ക്കാട് സാദിഖ് ഗോട്ട് ഫാമിൽ നിന്ന് ആട്, പശു എന്നിവയേയും ഏഴംകുളം പൗർണ്ണമി എഗ്ഗാർ നഴ്സറിയിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെയും വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.04/2016/lsgd തീയതി 11.01.2016 നമ്പർ സബ്സിഡി മാർഗ്ഗനിർദ്ദേശം അനുസരിച്ച്, പശു, കോഴി, ആട് മുതലായവയെ വാങ്ങുന്നത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അധ്യക്ഷനായും വെറ്ററിനറി സർജ്ജൻ കൺവീനറായും ഏഴ് ഗുണഭോക്താക്കൾ അംഗങ്ങളുമായിട്ടുള്ള ഒരു പർച്ചേസ് കമ്മിറ്റി ആയിരിക്കണമെന്നും വാങ്ങലുകൾ നടത്തുന്നത് പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ആയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ മൃഗങ്ങളേയും പക്ഷികളേയും വാങ്ങിയ സംഗതിയിൽ പർച്ചേസ് കമ്മിറ്റി രൂപീകരിയ്ക്കുകയോ വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

2)കോഴിക്കുഞ്ഞുങ്ങൾ - സമയബന്ധിതമായി വിതരണം നടത്തിയില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 114 ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് പദ്ധതി വിഹിതമായി 57000 രൂപയും (ബിൽ നം.02/16-17/30.03.17) ഗുണഭോക്തൃ വിഹിതമായി 34200 രൂപയും(ചെക്ക് നം.2165203/28.03.17) അടക്കം ആകെ 91200 രൂപ പൗർണ്ണമി എഗ്ഗാർ നഴ്സറി ഉടമയായ ശ്രീ.കെ.പ്രസന്നകുമാറിന് അക്കൗണ്ട് ട്രാൻസ്ഫർ വഴി 31.03.2017-ൽ നൽകിയിരുന്നു. എന്നാൽ മൂന്ന് മാസങ്ങൾക്ക് ശേഷമാണ് ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ ലഭ്യമായത്. മാത്രമല്ല, യഥാസമയം കോഴിക്കുഞ്ഞുങ്ങൾക്ക് വാക്സിനേഷൻ നൽകിയിരുന്നതായി വെറ്ററിനറി ഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും ഹാജരാക്കിയിരുന്നില്ല. ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 25.07.2017-ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.09/16-17) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 91200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3- 6 പ്ലംബിംഗും, വയറിംഗും നടത്തിയില്ല; നിർമ്മാണം പൂർത്തിയാക്കിയ ആശുപത്രി കെട്ടിടം ഉപയോഗിക്കാനാവുന്നില്ല

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.130/17 പ്രകാരം 696227രൂപ ചെലവഴിച്ച് അലോപ്പതി ആശുപത്രിക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയെങ്കിലും പ്ലംബിംഗ്, വയറിംഗ് തുടങ്ങിയ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്താതിരുന്നതിനാൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ഉപയോഗിക്കാൻ കഴിയാതെ ആശുപത്രി ഇപ്പോഴും പരിമിത സൗകര്യങ്ങളിൽ പ്രവർത്തിക്കേണ്ട ഗതികേടിലാണ്. 09.08.1984-ലെ സാങ്കേതിക സർക്കുലറിലെ CE(B&R)No.12/84 നിർദ്ദേശങ്ങൾ പ്രകാരം ഒരു കെട്ടിട നിർമ്മാണ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം എസ്റ്റിമേറ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ മുഴുവനായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റ്മേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയശേഷം ഈ പ്രവൃത്തികൾ ചെയ്യുകയുമാണ് (മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച്) വേണ്ടത്. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്റ്റായി ഏറ്റെടുക്കണം. കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ടി സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 കുടിവെള്ളക്കിണർ നിർമ്മാണം - റീചാർജ്ജിംഗ് സംവിധാനംഏർപ്പെടുത്തിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽപ്പെടുത്തി കുടിവെള്ളക്കിണർ നിർമ്മിക്കുമ്പോൾ, എം.ജി.എൻ.ആർ. ഇ.ജി. എസ്. മുഖേന കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ

[ജി.ഒ.(എം.എസ്)നം. 362/2013/ത.സ്വ.ഭ.വ. തീയതി 13.11.2013] അനുബന്ധം 3.5ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

2016-17സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 'കിണർ നിർമ്മാണം' (പ്രോജക്ട് നം.76/17) എന്ന പ്രോജക്ട് പ്രകാരം ആറു പേർക്ക് കിണർ നിർമ്മാണത്തിനായി SCP ഫണ്ടിൽനിന്നും ആകെ 89500 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി ആറ് ഗുണഭോക്താക്കളുടെ കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല. പഞ്ചായത്തിൽ 2016-17ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം കിണർ റീചാർജ്ജ് പ്രവൃത്തികൾ ഒന്നും ഏറ്റെടുത്തു നടത്തിയിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതിയുടെ മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.161/2016 തീയതി 09.11.2016] പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ എല്ലാ കിണറുകളിലും റീചാർജജിംഗ് ഏർപ്പെടുത്തണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള ഗ്രാമ പഞ്ചായത്തിൽ കിണർ റീചാർജ്ജ് സംവിധാനം അത്യന്താപേക്ഷിതമായതിനാൽ സർക്കാർ നിർദ്ദേശം കർശനമായും പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3- 8 ഇല്ലാത്ത തുകയിന്മേൽ സ്പിൽ ഓവർ പദ്ധതി

2016-17 സാമ്പത്തിക വർഷം സ്പിൽ ഓവറായി തുടരുന്ന ടി.എസ്.പി.ഫണ്ട് തിരിച്ചടവ് (പ്രോജ.നം.21/17) എന്ന പദ്ധതി 2015-16 വർഷം 100000 അടങ്കലിൽ ആവിഷ്കരിച്ച പദ്ധതിയായിരുന്നു. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ അഭാവം മൂലം സർക്കാരിൽ നിന്നും ലഭിച്ച 100000 രൂപ തിരിച്ചടയ്ക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിരുന്നത്. 2015-16 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തില്ല. ഇത് മൂലം പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ടി തുക നീക്കിയിരുപ്പ് ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിലാണ് ഓഡിറ്റ് വർഷം സ്പിൽ ഓവറായി ടി പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 19.09.2015-ലെ ജി.ഒ(പി)നം.419/2015/ഫിൻ. പ്രകാരം വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല. ആയതിനാൽ ടി തുക സഞ്ചിത നിധിയിലേക്ക് തിരിച്ചുപോയിട്ടുള്ളതാണ്. ടി തുകയിന്മേലാണ് പ്രസ്തുത സ്പിൽ ഓവർ പദ്ധതിയ്ക്ക് തുക വകയിരുത്തിയത്. ഇത് പദ്ധതി ആവിഷ്കാരത്തിന്റെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ആശുപത്രികൾക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

പ്രാഥമിക ആരോഗ്യ കേന്ദ്രം, ആയുർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് യഥാക്രമം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | മുൻകൂറായി നൽകിയ തുക | ലഭിയ്ക്കുവാനുള്ള മരുന്ന് (രൂപയിൽ) സ്ഥാപനം |
|---|---|---|---|
| 1 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ, SO 068/17 | 250000(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) Bill No.08/16-17/ 25.01.17 | 43939 KMSCL |
| 2 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ , SO 086/17 | 150000(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) Bill No.01/16-17/ 18.02.17 | 150000 HOMCO |

| | | | |
|---|---|---|---|
| 3 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ, SO 073/17 | 600000(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) Bill No.02/16-17/ 18.11.16 | 131614 ഔഷധി |
| 4 | പകർച്ചവ്യാധി പ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള മരുന്ന് വാങ്ങൽ, SO 074/17 | 250000(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) Bill No.01/16-17/ 18.11.16 | 55817 ഔഷധി |
| 5 | വൃദ്ധജനങ്ങൾക്ക് മരുന്ന് വിതരണം, SO 097/17 | 400000(SCP) Bill No.05/16-17/ 20.02.17 | 200338 ഔഷധി |
| ആകെ | | | 581708 |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-10 ഓ.ഡി.എഫ്.-കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

സ്വച്ഛഭാരത് മിഷൻ പദ്ധതി മുഖേന കക്കൂസ് നിർമ്മിക്കുന്നതിന് 4039600 രൂപ വികസന ഫണ്ടും 924800 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 340 ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിൽ 306 ഗുണഭോക്താക്കൾ തുക പൂർണ്ണമായി കൈപ്പറ്റി കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 34 ഗുണഭോക്താക്കൾ ആദ്യ ഗഡുവായ 7000 രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. ഇവർ നാളിതുവരെ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ, നിർമ്മാണം പൂർത്തീകരിക്കുവാൻ ഗുണഭോക്താവിന് കഴിയാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 150000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 70000 | ക്ഷീരകർഷർക്ക് സബ്സിഡി | 70000 | - |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയു'ടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 4165000/- | ലഭ്യമല്ല |
| കെ.എസ്.ഇ.ബി | എസ്.സി കോളനിയിൽ ലൈൻ എക്സ്റ്റൻഷൻ | 590635/- | |
| കെ.ഡബ്ല്യൂ.എ | എസ്.സി കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 140000/- | ലഭ്യമല്ല |
| കെ.എസ്.ഇ.ബി | ഏനാത്ത് ബസ്ബേ വൈദ്യുതീകരണം -തുക നൽകൽ | 36981/- | ലഭ്യമല്ല |
| കെ.ഡബ്ല്യൂ.എ | എല്ലാ വാർഡുകളിലും പൈപ്പ് ലൈൻ നീട്ടൽ | 2381956/- | ലഭ്യമല്ല |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, | പഞ്ചായത്ത് ഓഫീസ് 3 ഫേസ് ആക്കാൻ | 260000/- | ലഭ്യമല്ല |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ഒടുക്കുവരുത്തുമ്പോൾ പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റ് വെയ്ക്കേണ്ടതും ആയത് സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ ഇവിടെ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവയുമായി കരാർ ചമച്ചിട്ടില്ല. ആയതിനാൽ ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയില്ല. പ്രസ്തുത നിർവ്വഹണ ഏജൻസികളുമായി നിരന്തര സമ്പർക്കം പുലർത്തി പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പയുടെ ഉത്തരവ് നം./തീയതി | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | 961/2010/ ത.സ്വ.ഭ.വ തീയതി 20.03.2010 | 3474500/- | ഇല്ല | 5054552/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| പ്രവർത്തന അവലോകനറിപ്പോർട്ട്. | 2013-14 | 17 | 6/2013 വരെ വെള്ളക്കരമിനത്തിൽ<br>അധികം ഒടുക്കിയ തുക<br>ക്രമീകരിച്ചിട്ടില്ല. വെള്ളപ്പാറ കുടിവെള്ളപദ്ധതി, പൊടിവിളക്കോളനി കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിച്ചിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | | വർഷം<br>2016-17 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | : | 69035518/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 80571324/ |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 114800/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 255200/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 114800/- | ബി.വിദ്യാധരൻപിള്ള,അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 164000/- | ബി.വിദ്യാധരൻപിള്ള,അസിസ്റ്റന്റ് |

| | | |
|---|---|---|
| | | സെക്രട്ടറി |
| 3-5 | 91200 | സായി പ്രസാദ്, വെറ്ററിനറി സർജൻ |
| ആകെ | 255200 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിദ്യാധരൻപിള്ള, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ഏഴംകുളം ഗ്രാമപഞ്ചായത്ത് | കോയിപ്പുറത്ത്, മുളമ്പുഴ, പന്തളം |
| സായി പ്രസാദ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ആശുപത്രി ഏഴംകുളം | സായി ഭവൻ, മനക്കര ശാസ്താംകോട്ട പി.ഒ കൊല്ലം-690521 |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ) ചാർജ്/ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

-----------------ഇല്ല-----------------

(ബി) ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

---------------ഇല്ല-------------------

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി.3/772/97 തീയതി.29-04-98 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.3/11/2000 തീയതി.02-12-2000 |
| 1999-00 | എൽ.എഫ്.പി.റ്റി.എ.പി.3/873/2000 തീയതി.01-03-01 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.4/160/07 തീയതി.27-02-07/09-08-07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.4/408/07 തീയതി.21-12-07 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.10/792/08 തീയതി.28-02-09 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.10/793/08 തീയതി.20-07-09 |

| | |
|---|---|
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.10/206/09<br>തീയതി.06-01-10/12-11-10 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.10/154/10<br>തീയതി 08/10/2010 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013<br>തീയതി.01-10-13/04-09-14 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013<br>തീയതി.01-10-13/04-09-14 |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.10/445/2013<br>തീയതി.01-10-13 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.10/1061/14 തീയതി.09-02-15 |
| 2013-14 & 2014-15 | കെ.എസ് .എ പി.റ്റി.എ.പി.10/7351/15<br>തീയതി.12-08-15/24.08.15 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി10-1203/16<br>തീയതി 17.11.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി10-979/2017 തീയതി : 11.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA.P10-979/2017 Dated : 11.09.2017

Certified that I have examined the Annual Financial Statement of EZHAMKULAM Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of

India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of EZHAMKULAM Grama Panchayat for the year 2016-17 except the obeservations in the para.1-3 of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta